## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1640** — **31/01/2018-ൽ മറുപടിയ്ക്ക്**

## ലൈഫ് മിഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.കെ. ബാബു | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന വിശദമാക്കുമോ; | (എ) | ലൈഫ് സർവ്വേ മുഖേന സംസ്ഥാനത്ത് ആകെ 340745 ഭൂരഹിത ഭവനരഹിതരും 174875 ഭൂമിയുള്ള ഭവനരഹിതരും ഉൾപ്പെടെ ആകെ 515620 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ഓരോ വർഷവും ബജറ്റിൽ വകയിരുത്താൻ കഴിയുന്ന തുക, കേന്ദ്രാവിഷ്കൃത വിഹിതം, വായ്പയെടുക്കാൻ കഴിയുന്ന തുക എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കി വരുന്ന നാല് വർഷത്തിനുള്ളിൽ പാർപ്പിടം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. അർഹരായ എല്ലാ ഭവനരഹിതർക്കും പദ്ധതി കാലയളവിൽ ഭവനം നൽകാനാണ് മിഷൻ ലക്ഷ്യമിടുന്നത്. |
| (ബി) | മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നതിന് റേഷൻ കാർഡ് ഇല്ലാത്തതിന്റെ പേരിൽ ധാരാളം കുടുംബങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി വീടില്ലാത്ത അർഹതപ്പെട്ട മുഴുവൻ പേർക്കും വീട് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം അർഹരായ എല്ലാവരെയും ഉൾക്കൊള്ളിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. റേഷൻ കാർഡില്ലാത്ത അഗതികളെയും, റേഷൻ കാർഡ് ഇല്ലാത്തതിന്റെ പേരിൽ ഒഴിവാക്കപ്പെട്ട, എന്നാൽ അർഹതയുള്ളതും, കുടുംബമായി മാറി താമസിക്കുന്നവരെയും പരിഗണിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ